**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 193** **27-01-2026 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി. ബ്ലോക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജനറൽ ആശുപത്രിയിൽ കഴിഞ്ഞ 30 വർഷത്തിനിടയിൽ 2021 ൽ ഉദ്ഘാടനം ചെയ്ത ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കല്ലാതെ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും പുതിയതായി നടന്നിട്ടില്ലെന്നതും, ബാക്കി സേവനങ്ങളെല്ലാം വർഷങ്ങൾ പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എറണാകുളം ജനറൽ ആശുപത്രിയിൽ 2021-ൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. കൂടാതെ, ക്യാൻസർ ബ്ലോക്ക്, ഡയാലിസിസ് ബ്ലോക്ക് എന്നീ കെട്ടിടങ്ങളും പുതുതായി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം-ന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജനറൽ ആശുപത്രിയുടെ ബേൺസ് കെയർ യൂണിറ്റിന്റെ ശാക്തീകരണത്തിനായി ഫണ്ട് അനുവദിക്കുകയും ആയതിന്റെ പ്രവൃത്തി ജനറൽ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ ബ്ലോക്ക് കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളിലായി പൂർത്തീകരിച്ചിട്ടുള്ളതും 2024 ൽ ആശുപത്രി അധികൃതർക്ക് കൈമാറി കൊടുത്തിട്ടുള്ളതുമാകുന്നു. |
| (ബി) | സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന ഇവിടെ ഏഴ് നിലകളുള്ള ഒരു ഐ. പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് 104 കോടി രൂപ അടങ്കൽ തുക കണക്കാക്കുന്ന പ്രവർത്തിക്കുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനായി 73,30,63,680 രൂപയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (DPR), Concept നോട്ട് എന്നിവയും, കൂടാതെ കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച 76.17 കോടി രൂപയിൽ ഉപയോഗിക്കാതെ മിച്ചമുള്ള 14.92 കോടി രൂപയും ഐ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനായി വിനിയോഗിക്കുന്നതിന് അനുമതി തേടിയിരുന്നു. ആയതിൽ ഐ.പി. ബ്ലോക്കിൽ ഓരോ നിലകളിലും 80 രോഗികളെ വീതം കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം, ഓപ്പറേഷൻ തീയേറ്റർ, റേഡിയോളജി ഡിപ്പാർട്ട്മെന്റ്, ബ്ലഡ് ബാങ്ക്, ഫാർമസി, ബ്ലഡ് കളക്ഷൻ സെന്റർ ഉൾപ്പെടെ തികച്ചും രോഗീസൗഹൃദം ഉറപ്പാക്കുന്ന വിപുലമായ ഒരു ഐ.പി. ബ്ലോക്കിനായുള്ള വിശദമായ ഡി. പി. ആർ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ